**പതിമൂന്നാം കേരള നിയമസഭ**
ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3242 — 21/12/2012 ൽ മറുപടിക്ക്

**പി. എം. ജി. എസ് .വൈ പദ്ധതി പൂർത്തീകരണം**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പ് മന്ത്രി) |
| എ) പി. എം. ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പ്രവൃത്തി സംസ്ഥാനത്ത് ഏത് ഘട്ടത്തിലാണ് ഇപ്പോൾ പുരോഗമിക്കുന്നത് ; | എ) പി.എം.ജി.എസ്.വൈ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള റോഡുകളുടെ പ്രവൃത്തി സംസ്ഥാനത്ത് ഏഴ് ഘട്ടങ്ങളിലായി പുരോഗമിച്ച് വരികയാണ്. എട്ടാം ഘട്ടത്തിൽ ഏറ്റെടുക്കുന്നതിനുള്ള റോഡുകളുടെ പ്രോജക്ട് കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിക്കുന്നതിനുള്ള നടപടി അന്തിമ ഘട്ടത്തിലാണ്. |
| ബി) പി.എം.ജി.എസ്.വൈ പദ്ധതി സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങളെന്തെല്ലാം ; | ബി) പി.എം.ജി.എസ്.വൈ പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ ചുവടെ ചേർക്കുന്നു.<br>• പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിൽ വരുന്ന അപാകതകൾ<br>• റോഡ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം ലഭ്യമാക്കേണ്ടത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളാണ്. നിർമ്മാണത്തിന് ആവശ്യമായ ഭൂമി ജനങ്ങളിൽനിന്നും സൗജന്യമായാണ് ഏറ്റെടുക്കുന്നത്. നിർമ്മാണത്തിനാവശ്യമായ ഭൂമി ലഭിക്കും എന്ന ജില്ല/ ബ്ലോക്ക് ഗ്രാമപഞ്ചായത്തുകളുടെ ഉറപ്പിൻമേലാണ് പദ്ധതികൾ കേന്ദ്രസർക്കാരിന്റെ അംഗീകാരത്തിനായി സർപ്പിക്കുന്നത്.. എന്നാൽ പദ്ധതി തുടങ്ങുമ്പോൾ ആവശ്യമായ ഭൂമി ലഭിക്കാറില്ല.<br>• നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട റോഡുകളിലെ യൂട്ടിലിറ്റികൾ (ടെലഫോൺ, വൈദ്യുത, ജലവിതരണ ലൈനുകൾ) സമയ ബന്ധിതമായി മാറ്റി |

സ്ഥാപിക്കാത്തത് പല റോഡുകളുടെയും നിർമ്മാണം മുന്നോട്ടു കൊണ്ടു പോകുന്നതിനോ കരാർ പ്രകാരമുള്ള തീയതിയിൽ പൂർത്തിയാക്കുന്നതിനോ കഴിയാതെ വരുന്നു.

- ആലപ്പുഴ, പത്തനംതിട്ട, കോട്ടയം എന്നീ ജില്ലകളിൽ മണ്ണ്, മെറ്റൽ എന്നിവയുടെ ലഭ്യതകുറവ്, ഇവ കൊണ്ടു പോകുന്നതിനുള്ള നിയന്ത്രണം എന്നിവമൂലം ഏറ്റെടുത്ത പല പ്രവൃത്തികളും ഉപേക്ഷിക്കേണ്ടതായിട്ട് വന്നിട്ടുണ്ട്. ഇതേ കാരണം കൊണ്ടുതന്നെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നു.
- പി.എം.ജി.എസ്. വൈ പ്രവൃത്തികൾക്ക് മൂന്ന് തലങ്ങളിലുള്ള ഗുണപരിശോധന ക്രമമാണ് നിലവിലുള്ളത്. കൂടാതെ നിർമ്മാണം പൂർത്തീകരിച്ച പ്രവൃത്തിക്ക് 5 വർഷത്തെ ഗ്യാരന്റി നൽകണം എന്ന വ്യവസ്ഥയുമുണ്ട്. സംസ്ഥാനത്തെ ഇതര റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഈ രണ്ട് നിബന്ധനകൾ ഇല്ലാത്തതിനാൽ പി.എം.ജി.എസ്.വൈ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിന് കരാറുകാർ വിമുഖത കാണിക്കുന്നുണ്ട്.
- ഇതിനുള്ള പ്രധാന കാരണം പൊതുമാരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് സ്വീകരിച്ചിരിക്കുന്ന നിരക്കും പി.എം.ജി.സ്.വൈ പദ്ധതിയുടെ മാനദണ്ഡങ്ങൾ പ്രകാരം നിരക്ക് നിശ്ചയിക്കുമ്പോൾ ഉണ്ടാകുന്ന അന്തരവുമാണ്. പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികൾക്ക് മാനുവൽ റേറ്റ് ആധാരമാക്കുമ്പോൾ പി.എം.ജി.എസ്.വൈ പ്രവൃത്തികൾക്ക് മെഷ്യൻ റേറ്റാണ് സ്വീകരിച്ചിരിക്കുന്നത്. ഇത് പ്രവൃത്തികളുടെ ആകെ മൂല്യത്തിൽ പ്രകടമായ അന്തരം സൃഷ്ടിക്കുന്നുണ്ട്.

| | |
|---|---|
| സി) കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും, സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികൾ വിശദമാക്കുമോ ? | സി) കാലതാമസം ഒഴിവാക്കുന്നതിന് സ്വീകരിച്ചിട്ടുള്ളതും സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതുമായ നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br>• സ്ഥല ലഭ്യത ഉറപ്പുവരുത്താൻ കഴിയുന്ന റോഡുകൾക്ക് മാത്രം പ്രോജക്ട് |

റിപ്പോർട്ട് തയ്യാറാക്കണമെന്ന കർശന നിർദ്ദേശം ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനിയർമാർക്ക് നൽകിയിട്ടുണ്ട്.

- നിർമ്മാണത്തിന് ഏറ്റെടുക്കേണ്ട റോഡുകളിലെ യൂട്ടിലിറ്റികൾ (ടെലഫോൺ, വൈദ്യുത, ജലവിതരണ ലൈനുകൾ) സമയബന്ധിതമായി മാറ്റിസ്ഥാപിക്കുന്നത് കരാറുകാരന്റെ ബാധ്യതയാക്കി എഗ്രിമെന്റിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുള്ളതുക സംസ്ഥാന സർക്കാർ വഹിക്കുന്നതാണ്.
- പൊതുമരാമത്ത് വകുപ്പിലെ പ്രവൃത്തികളുടെ റേറ്റും പി.എം.ജി.എസ്.വൈ പ്രവൃത്തികളുടെ ചില ഇനങ്ങളിലെ റേറ്റുകളിൽ ഉണ്ടാകുന്ന അന്തരം കുറയ്ക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
- ശക്തമായ ഗുണനിലവാര പരിശോധന, നിർമ്മാണാനന്തര ഗ്യാരന്റി എന്നിവ പരിഗണിച്ചാണ് പി.എം.ജി.എസ്.വൈ പദ്ധതികൾക്ക് അധിക ടെണ്ടർ പ്രീമിയം അനുവദിക്കുന്നത്
- പി.എം.ജി.എസ്.വൈ പദ്ധതി പ്രകാരം II മുതൽ ഫേസ് VII വരെ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ കരാർ ഉറപ്പിക്കാൻ കഴിയാത്തതും മുടങ്ങികിടന്നിരുന്നതുമായ 218 റോഡുകൾക്ക് 42 ശതമാനം വരെ അധിക നിരക്ക് സംസ്ഥാന സർക്കാർ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ഇനിയും ടെണ്ടർ ലഭിക്കാത്ത പ്രവർത്തികളുടെ എസ്റ്റിമേറ്റ് 2012 നിരക്ക് പ്രകാരം പുതുക്കി ടെണ്ടർ ചെയ്യുന്നതിനുള്ള സാധ്യത പരിശോധിച്ച് വരികയാണ്.

സെക്ഷൻ ഓഫീസർ